# എട്ടാമത് ഡെല്ഹി സംവാദത്തിലെ മന്ത്രിതല ചര്ച്ചകള്

ഫെബ്രുവരി 18, 2016

ആസിയാന് -ഇന്ത്യ ബന്ധങ്ങളിലെ എല്ലാ മേഖലകളെ കുറിച്ചും കൂടുതല് ആശയങ്ങള് സൃഷ്ടിക്കുന്ന പ്രക്രിയയുടെ ഭാഗമായി വേണ്ടി നടക്കുന്ന സവിശേഷ വാര്ഷിക 1.5 സംവാദത്തിന്റെ മുന്നോടിയായി നടന്ന മന്ത്രി തല ചര്ച്ച ഫെബ്രുവരി 18, 2016 ല് ന്യൂഡെല്ഹിയില് വെകീട്ട് നടന്നു

ആദരണീയയായ കേന്ദ്ര വിദേശകാര്യ മന്ത്രി ശ്രീമതി സുഷമ സ്വരാജ് ആതിഥ്യം വഹിച്ച യോഗത്തില് ഇന്തോനേഷ്യയുടെ ദേശീയ വികസന ആസൂത്രണ മന്ത്രിയും , ദേശീയ വികസന ആസൂത്രണ ഏജന്സി തലവനുമായ ഹിസ് എക്സലന്സി സോഫിയാന് എ. ജലീല് , മ്യാന്മാര് വിദേശകാര്യ ഉപ മന്ത്രി ഹിസ് എക്സലന്സി യു ടിന് ഊ ലിന്, തായിലാണ്ടിലെ വിദ്ശകാര്യ ഉപ മന്ത്രി ഹിസ് എക്സലന്സി ശ്രീ വിരാസ്ക്ഡി ഫുഗ്രാകുല് , വിയറ്റ്നാം വിദേശകാര്യ ഉപ മന്ത്രി ഹിസ് എക്സലന്സി , ശ്രീ ലെ ഹോയി ട്രുങ് , ലാവോ പീപ്പിള്സ് ഡെമോക്രാറ്റിക് റിപ്പബ്ലികിലെ വ്യന്വസായ വ്യാപാര ഉപ മന്ത്രി ഹിസ് എക്സലന്സി ശ്രീ സോംചിത് ഇന്താമിത്, സിംഗപ്പൂര് പാര്ലമെന്റ് അംഗവും സിംഗപ്പൂര്-ഇന്ത്യ പാര്ലമെന്ററി സൌഹൃദ സം,ഘം ചെയര്മാനുമായ ഹിസ് എക്സലന്സി ശ്രീ വിക്രം നായര് ആസിയാന് സെക്രട്ടറിയേറ്റ് ഡെപ്യൂട്ടി സെക്രട്ടറി ജനറല് ഡോ. എ കെ പി മോച്തന് എന്നിവര് പങ്കെടുത്തു. മലേഷ്യ , ഫിലിപ്പീന്സ് , കംബോഡിയ, ബ്രൂണെയ് എന്നിവിടങ്ങളില് നിന്നും പ്രതിനിധി സംഘങ്ങളുടെ തലവന്മാര് തുടങ്ങിയവരും പങ്കെടുത്തു. അതിനു ഒപ്പം നാഗാലാന്ഡിലെ മുഖ്യമന്ത്രി ശ്രീ ടി ആര് സെലിയാംഗ് , മിസോറാം മുഖ്യമന്ത്രിയെ ശ്രീ ലാല് തന്ഹാവാലയും

പങ്കെടുത്തു. കമ്മ്യൂണിക്കേഷന്സ് ആന്ഡ് ഇന്ഫര്മേഷന് ടെക്നോളജി മന്ത്രി ഹിസ് എക്സ്ലലന്സി, രവി ശങ്കര് പ്രസാദ്, സാംസ്ക്കാരിക മന്ത്രാലയത്തിലെ സഹമന്ത്രി ( സ്വതന്ത്ര ചുമതല്) ഡോ. മഹേഷ് ശര്മ എന്നിവരും പങ്കെടുത്തു

ആസിയാന് സുവര്ണ ജൂബിലി ആയി ആഘോഷിക്കുന്ന വര്ഷവും ഇന്ത്യ ആസിയാനുമായുള്ള പങ്കാളിത്തത്തിന്റെ സില്വര് ജൂബിലി ആഘോഷിക്കുകയും ചെയ്യുന്ന വര്ഷം ആണ് 2017 എന്നതിനാല് 2017 ആസിയാനും ആസിയാന് -ഇന്ത്യ പങ്കാളിത്തത്തിനും വളരെ വിശിഷ്ടമായ വര്ഷം ആണ് എന്നു തന്റെ പ്രധാന പ്രഭാഷണത്തില് ആദരണീയയായ കേന്ദ്ര വിദേശകാര്യ മന്ത്രി സൂചിപ്പിച്ചു . ആസിയാനുമായും കിഴക്കിലെ മറ്റ് സുഹൃത്തുക്കളുമായും തങ്ങളുടെ ഇടപാടുകള്ക്ക് പുതുക്കിയ ശ്രദ്ധ കൊണ്ടുവരാനായി ആക്ട് ഈസ്റ്റ് പോളിസിയിലൂടെ ഇന്ത്യക്ക് സാധിച്ചു എന്നു മന്ത്രി പറഞ്ഞു . മോദിയുടെ ഗവണ്മെന്റ് മെയ് 2014 ല് അധികാരത്തില് വന്നത് മുതല് ഇന്ത്യയുടെ രാഷ്ട്രപതി, ഉപ രാഷ്ട്രപതി, പ്രധാനമന്ത്രിയും പത്തു ആസിയാന് രാജ്യങ്ങളില് ഒന്പതിലും സന്ദര്ശനം നടത്തി. ആസിയാന്-ഇന്ത്യ സാമ്പത്തിക സമൂഹത്തെ കുറിച്ചുള്ള ഒരു ആശയം അവര് അവതരിപ്പിക്കുകയും ആസിയാനുമായും വിശാലമായ ഏഷ്യ - പസിഫിക് മേഖലയുമായുമുള്ള നമ്മുടെ സാമ്പത്തിക വ്യാപാര ഇടപാടുകള്ക്ക് കൂടുതല് മുന്നേറ്റം നല്കികൊണ്ട് മേഖലാ സമഗ്ര സാമ്പത്തിക പങ്കാളിത്ത കരാര് ഈ വര്ഷം അവസാനിക്കുമെന്നും അവര് പ്രത്യാശ പ്രകടിപ്പിച്ചു . വളരെ പെട്ടെന്നു തന്നെ ഷില്ലോംഗിലെ നോര്ത്ത്-ഈസ്റ്റേണ് ഹില് യൂണിവേഴ്സിറ്റിയില് ആസിയാന് സ്റ്റഡീസ് സെന്റര് ഉദ്ഘാടനം ചെയ്യുമെന്നും കേന്ദ്ര വിദേശകാര്യ മന്ത്രി അറിയിച്ചു

സമുദ്രമാര്ഗമുള്ള ഗതാഗതം വര്ദ്ധിപ്പിക്കുന്നതിനെ കുറിച്ചും ആഗോള മൂല്യ ശ്രംഖല വര്ദ്ധിപ്പിക്കുന്നതിനെ കുറിച്ചും

ഇന്തോനേഷ്യയുടെ ദേശീയ വികസന ആസൂത്രണ മന്ത്രിയും , ദേശീയ വികസന ആസൂത്രണ ഏജന്സി തലവനുമായ ഹിസ് എക്സലന്സി സോഫിയാന് എ. ജലീല് പ്രത്യേകം പരാമര്ശിച്ചു

ഗതാഗതം : പങ്കാളിത്ത ഭാവിയിലേക്കുള്ള പാതകള് സൃഷ്ടിക്കുന്നു" എന്ന വിഷയത്തില് ഒരു പാനല് ചര്ച്ച നാഗാലാന്ഡിലെ മുഖ്യമന്ത്രി ശ്രീ ടി ആര് സെലിയാംഗ് , മിസോറാം മുഖ്യമന്ത്രി ശ്രീ ലാല് തന്ഹാവാല , മ്യാന്മാര് വിദേശകാര്യ ഉപ മന്ത്രി ഹിസ് എക്സലന്സി യു ടിന് ഊ ലിന്, തായിലാണ്ടിലെ വിദേകാര്യ ഉപ മന്ത്രി ഹിസ് എക്സലന്സി ശ്രീ വിരാസ്ക്ഡി ഫുദ്രാകുല് , ആസിയാന് സെക്രട്ടറിയേറ്റ് ഡെപ്യൂട്ടി സെക്രട്ടറി ജനറല് ഡോ. എ കെ പി മോച്തന് എന്നിവര് പങ്കെടുത്തു . പുരോഗതി, വളര്ച്ച , സമാധാനം, എന്നിവയില് പ്രധാന പങ്കു വഹിക്കുവാനായി ഗതാഗതത്തിനും ജനങ്ങള് തമ്മിലുള്ള ബന്ധങ്ങളിലൂടെയും സാധിക്കുമെന്നതില് എല്ലാവരും യോജിപ്പു പ്രകടിപ്പിച്ചു

ആസിയാന് സാമ്പത്തിക സമൂഹവും ഇന്ത്യയും : മേഖലാ മൂല്യ ശ്രംഖലകളും ഉത്പാദന പരസ്പര ബന്ധിത ശ്യംഖലകളും"എന്നെഎ വിഷയത്തില് നടനാണ് രണ്ടാമത്തെ പാനല് ചര്ച്ചയില് വിയറ്റ്നാം വിദേശകാര്യ ഉപ മന്ത്രി ഹിസ് എക്സലന്സി , ശ്രീ ലെ ഹോയി ട്രുങ് , ലാവോ പീപ്പിള്സ് ഡെമോക്രാറ്റിക് റിപ്പബ്ലികിലെ വ്യവസായ- വ്യാപാര ഉപ മന്ത്രി ഹിസ് എക്സലന്സി ശ്രീ സോംചിത് ഇന്താമിത്, കമ്പോഡിയയിലെ വിദേശകാര്യ മന്ത്രാലയത്തിലെ അണ്ടര് സെക്രട്ടറി ഓഫ് സ്റ്റേറ്റ് ശ്രീ ഖാന് ഫരീദ് , സിംഗപ്പൂര് പാര്ലമെന്റ് അംഗവും സിംഗപ്പൂര്-ഇന്ത്യ പാര്ലമെന്ററി സൌഹൃദ സംഘം ചെയര്മാനുമായ ഹിസ് എക്സലന്സി ശ്രീ വിക്രം നായര് , ഒപ്പം ഇന്ത്യയിലെ റിപ്പബ്ലിക് ഓഫ് ഫിലിപ്പീന്സ് സ്ഥാനപതി ഹിസ് എക്സലന്സി എം എ തെരെസിത സി ദാസക്കൊപ്പം പങ്കെടുക്കുകയും സംസാരിക്കുകയും ചെയ്തു . ക്രിയാത്മകമായ

ചര്ച്ചകള് സാമ്പത്തിക ഇടപാടുകള് കൂടുതല് ആഴമുള്ളതാക്കുവാനും ബന്ധങ്ങള് മുന്നോട്ട് കൊണ്ടുപോകാനുമുള്ള പുതിയ ആശയങ്ങള്ക്ക് രൂപം നല്കി ഫിക്കിയുടെ മുന് പ്രസിഡണ്ട് ഡോ. ജ്യോത്സ്ന സൂരി സ്വാഗതം ആശംസിച്ചു, പാനല് ചര്ച്ചകള്ക്ക് ഇന്സ്റ്റിറ്റ്യൂട്ട് ഫോര് ഡിഫന്സ് സ്റ്റഡീസ് ആന്ഡ് അനാലിസിസ് ( ഐഡിഎസ്എ) ഡിറക്ടര് ജനറല് ശ്രീ ജയന്ത് പ്രസാദ് നന്ദി പറഞ്ഞു

ആസിയാന് രാജ്യങ്ങളില് നിന്നും ഇന്ത്യയില് നിന്നും 200 ലധികം പ്രതിനിധികള് മന്ത്രിതല യോഗത്തില് പങ്കെടുത്തു

മന്ത്രിതല യോഗത്തിന് മുന്പായി ഫെബ്രുവരി 17, 2016 ല് ഒരു ബിസിനസ് യോഗം നടന്നു . ഫെബ്രുവരി 19 , 2016 ല് ഒരു അക്കാദമിക് യോഗം ന്യൂഡെല്ഹിയിലെ ഐഡിഎസ്എ യില് നടന്നു

കൂടുതല് വിവരങ്ങള് മന്ത്രാലയം ഫെബ്രുവരി 15 നു പുറത്തിറക്കിയ പത്രക്കുറിപ്പില് നിന്നും ലഭ്യമാണ്

ന്യൂ ഡെല്ഹി
ഫെബ്രുവരി 18, 2016